# തുല്യമായി സബ്സിഡി: റബർ ബോർഡിന്റെ ശുപാർശ കേന്ദ്ര വാണിജ്യ മന്ത്രാലയം തള്ളി

**മനോരമ ലേഖകൻ**

കോട്ടയം ● കേരളത്തിലെ പര
മ്പരാഗത റബർ കർഷകർ
ക്കും മറ്റു സംസ്ഥാനങ്ങളിലെ
പുതിയ കർഷകർക്കും തുല്യമാ
യി സബ്സിഡി നൽകണമെന്ന
റബർ ബോർഡിന്റെ ശുപാർശ
കേന്ദ്ര വാണിജ്യമന്ത്രാലയം അം
ഗീകരിച്ചില്ല.

ആവർത്തന കൃഷി ചെയ്യുന്ന
പരമ്പരാഗത കർഷകരെ തഴഞ്ഞ്
പുതിയ കർഷകർക്ക് കൂടുതൽ
സഹായം നൽകാനാണ് വാണി
ജ്യമന്ത്രാലയത്തിന്റെ തീരുമാനം.
മുൻ വർഷങ്ങളിൽ ആവർത്തന
കർഷകർക്കും പുതിയ കർഷകർ
ക്കും തുല്യമായി സബ്സിഡി നൽ
കുന്നതായിരുന്നു റബർ ബോർ
ഡിന്റെ രീതി.

ഇത്തവണ സബ്സിഡി നൽ
കുന്ന തുകയുടെ 75 ശതമാനം
പുതിയ കർഷകർക്കും 25 ശത
മാനം ആവർത്തന കർഷകർ
ക്കും എന്നാക്കി മാറ്റി. കേരളത്തി
ലെ 5000 ഹെക്ടർ തോട്ടങ്ങൾക്ക്
സഹായം ആവശ്യപ്പെട്ടെങ്കിലു
3000 ഹെക്ടറിനു സഹായം നൽ
കാനേ ഇപ്പോൾ വാണിജ്യമന്ത്രാ
ലയം അനുവദിച്ച 18 കോടി രൂപ
തികയുകയുള്ളൂ.

റബർ കൃഷി പുതുതായി ആര
ഭിക്കുന്ന വടക്കുകിഴക്കൻ സ
സ്ഥാനങ്ങളെ പ്രോത്സാഹിപ്പി
ക്കുന്ന നയം ഏതാനും നാളുകളാ
യി കേന്ദ്ര വാണിജ്യമന്ത്രാലയ
തുടരുകയാണ്. ആ നയത്തിന്റെ
തുടർ നടപടിയാണ് സബ്സിഡി
ചട്ടങ്ങളിലെ മാറ്റം.